**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1442 — 14/06/2013-ൽ മറുപടിയ്ക്ക്

## സമഗ്ര നാളികേര വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, എ. റ്റി . ജോർജ്<br>,, ഹൈബി ഈഡൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) കർഷകരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ സംയോജിത വളപ്രയോഗം, കീടനിയന്ത്രണം, മെച്ചപ്പെട്ട പരിപാലനം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി, കൃഷി ചെലവ് കുറച്ച് നാളികേരത്തിന്റെ ഉല്പാദനം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് മുഖ്യലക്ഷ്യം. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; | സി) കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ നാളികേര വികസന ബോർഡ് (സി.ഡി.ബി), സെൻട്രൽ പ്ലാൻറ്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.പി.സി.ആർ.ഐ) എന്നിവർ പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നത് കൃഷി വകുപ്പ് നേരിട്ടാണ്. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കേരശ്രീ പദ്ധതി പ്രകാരം 545 നാളികേര ക്ലസ്റ്ററുകൾ പുതുതായി രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി കഴിഞ്ഞു. പദ്ധതി പ്രവർത്തനം ആരംഭിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**